# ഇന്റർനെറ്റിൽ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം

2002, ജൂൺ 18

ഭാരതീയ റിസർവ് ബാങ്ക് 2000, ഒക്ടോബർ 30-ന് പുറത്തിറക്കിയ അതിന്റെ സർക്കുലർ എ.പി. (ഡി.ഐ.ആർ സിരീസ്) നമ്പർ 19 ന്റെ മൂന്നാം ഖണ്ഡികയിൽ ക്രെഡിറ്റ് കാർഡുകൾ, എ.ടി.എം. കാർഡുകൾ, ഡെബിറ്റ് കാർഡുകൾ എന്നിവ പണം നൽകലിന്റെ വ്യത്യസ്തരൂപങ്ങളാണെന്നും അതിനാൽ 1999, വിദേശവിനിമയ മാനേജ്മെന്റ് ആക്ട് (FEMA)യ്ക്ക് കീഴിൽ ഇഷ്യു ചെയ്തിട്ടുള്ള എല്ലാ നിയമങ്ങളും/ചട്ടങ്ങളും ക്രെഡിറ്റ്കാർഡുകൾ, ഡെബിറ്റുകാർഡുകൾ, എ.ടി.എം. കാർഡുകൾ എന്നിവയ്ക്കും ബാധകമാണെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഇന്റർനെറ്റിൽ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾക്ക് അനുവദിച്ചിട്ടുള്ള ഉപയോഗങ്ങൾ എന്തെല്ലാമെന്ന് താഴെ വ്യക്തമാക്കുന്നു:-

I) ഇന്ത്യയിലെ ഒരു അംഗീകൃത ഡീലറുടെ പക്കൽ നിന്നും വിദേശനാണ്യം വാങ്ങാൻ സാധ്യമാകുന്ന ഏതൊരു ഉദ്ദേശ്യത്തിനും അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റിൽ ഉപയോഗിക്കാം, ഉദാ: പുസ്തകങ്ങളുടെ ഇറക്കുമതി, ഡൌൺ ലോഡ് ചെയ്യാവുന്ന സോഫ്റ്റ്‌വെയറുകൾ വാങ്ങുക, അല്ലെങ്കിൽ EXIM നയത്തിന്റെ കീഴിൽ ഇറക്കുമതി ചെയ്യാൻ അനുമതിയുള്ള ഏതൊരു ഇനവും.

II) നിരോധിക്കപ്പെട്ട ഇനങ്ങളായ ലോട്ടറി ടിക്കറ്റുകൾ, നിരോധിക്കപ്പെട്ടതോ/ഭാവിയിൽ പ്രസിദ്ധീകരിക്കപ്പെടാവുന്നതോ ആയ മാസികകൾ, സ്വീപ്സ്റ്റേക്കിൽ പങ്കെടുക്കൽ, കോൾ-ബക്ക് സേവനങ്ങൾക്കുള്ള പണമടയ്ക്കൽ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റിലോ അല്ലെങ്കിൽ മറ്റു തരത്തിലോ അന്താരാഷ്ട്ര ക്രെഡിറ്റ്കാർഡുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത്തരം ഇനങ്ങൾ/പ്രവർത്തനങ്ങൾക്ക് വിദേശനാണ്യം പിൻവലിയ്ക്കാൻ അനുമതി ഇല്ല.

III) ഇന്റർനെറ്റ് വഴി അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിൽ ധനപരമായി പ്രത്യേകമായ പരിധി നിർദ്ദേശിച്ചിട്ടില്ല.

ഇന്ത്യയിലെ ഒരു അംഗീകൃത പക്കൽ നിന്നും വിദേശനാണ്യം വാങ്ങാൻ സാധ്യമാകുന്ന ഏതൊരു ഉദ്ദേശ്യത്തിനും അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കാമെന്ന് വീണ്ടും വ്യക്തമാക്കുന്നു.

ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയ്ക്കുള്ള പണമടവ് ക്രെഡിറ്റ് കാർഡുകളിലേക്കുള്ള ഡെബിറ്റായി നൽകുന്നത് സ്വീകരിക്കാൻ അംഗീകൃത ഡീലർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ആർ ബി ഐ പ്രത്യേകമായി പുറത്തിറക്കിയിട്ടുണ്ട്.

**അജിത് പ്രസാദ്**

മാനേജർ

പ്രസ് റിലീസ്: 2001-2002/1392